**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4283** **01-07-2024 - ൽ മറുപടിയ്ക്ക്**

**അരൂർ മണ്ഡലത്തിലെ റെയിൽവേ മേൽപ്പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ദെലീമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അരൂർ മണ്ഡലത്തിൽ എത്ര റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മിക്കുവാനാണ് കിഫ്ബി ഫണ്ട് അനുവദിച്ചതെന്നും ആയതിൽ ഏതൊക്കെ പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചുവെന്നും വിശദമാക്കാമോ; | (എ) | അരൂർ മണ്ഡലത്തിൽ ഒരു റെയിൽവേ മേൽപാലം (എഴുപുന്ന റെയിൽവേ മേൽപ്പാലം) കിഫ്ബിയുടെ ധന സഹായത്തോടെ നിർമ്മിക്കുവാൻ G.O(Rt) No. 718/2018/PWD dt. 19.04.2018 പ്രകാരം ലഭിച്ചിട്ടുണ്ട്. ആർ ബി ഡി സി കെയാണ് പ്രസ്തുത പ്രവൃത്തിയുടെ പദ്ധതി നിർവഹണ ഏജൻസി. |
| (ബി) | ഓരോ പ്രവൃത്തിയുടെയും നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (ബി) | എഴുപുന്ന റെയിൽവേ മേൽപ്പാലത്തിന്റെ വിശദമായ പദ്ധതി രേഖ ആർ ബി ഡി സി കെ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. എന്നാൽ നിലവിൽ ഉള്ള റോഡിലൂടെ അലൈൻമെന്റ് പഠനം നടത്തി വിശദമായ പദ്ധതി രേഖ സമർപ്പിക്കാൻ കിഫ്ബി ആവശ്യപ്പെടുകയും, അതു പ്രകാരം പുതിയ കൺസൽട്ടന്റിനെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിനായി ആർ ബി ഡി സി കെ നിയമിക്കുകയും ചെയ്തു. നിലവിൽ ഉള്ള റോഡിലൂടെ ഉള്ള വിശദമായ സർവെ നടത്തി അലൈൻമെന്റ് തയ്യാറാക്കുകയും സോയിൽ ഇൻവസ്റ്റിഗേഷനും ട്രാഫിക് സർവേയും പൂർത്തീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്ന പ്രവർത്തികൾ അന്തിമ ഘട്ടത്തിലാണെന്ന് ആർ ബി ഡി സി കെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ